പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3010 **29-10-2026-ൽ മറുപടിയ്ക്ക്**

<u>യു.പി. സ്കൂളുകളിലെ ഓഫീസ് അറ്റൻഡന്റ് തസ്തികകൾ</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. രാജൻ ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് സർക്കാർ-എയ്ഡഡ് യു.പി. സ്കൂളുകളിൽ നിലവിൽ അനുവദിച്ചിട്ടുള്ള ഓഫീസ് അറ്റൻഡന്റ് തസ്തികകളുടെ എണ്ണം എത്രയാണ്; ജില്ല തിരിച്ച് കണക്ക് ലഭ്യമാണോ;

<u>മറുപടി:</u> വിവരം ശേഖരിച്ചു വരുന്നു.

(ബി) ഓഫീസ് അറ്റൻഡന്റ് തസ്തികകൾ അനുവദിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; ഈ മാനദണ്ഡങ്ങൾ പ്രകാരം തസ്തികകളുടെ കുറവ് നേരിടുന്ന സ്കൂളുകൾ എത്രയെന്ന് പരിശോധിച്ചിട്ടുണ്ടോ;

<u>മറുപടി:</u> പൊതുവിദ്യാഭ്യാസ വകുപ്പിലെ സർക്കാർ-എയ്ഡഡ് യു.പി സ്കൂളുകളിലെ ഓഫീസ് അറ്റൻഡന്റ് തസ്തികകൾ അനുവദിക്കുന്നതിന് കേരള വിദ്യാഭ്യാസ ചട്ടങ്ങൾ (പ്രധാനമായും കെ.ഇ.ആർ (KER) അധ്യായം XXIV-A, XXIV-B) പ്രകാരം വ്യവസ്ഥയുള്ളതാണ്. അതിൻപ്രകാരം എല്ലാ അധ്യയന വർഷത്തിലും സ്കൂളുകളിലെ തസ്തിക നിർണ്ണയം പൂർത്തിയാക്കി അനുവദനീയമായ എണ്ണം തസ്തികകൾ അനുവദിച്ച് വരികയും, ഇപ്രകാരം അനുവദിക്കുന്ന തസ്തികകളിൽ ബന്ധപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായി നിയമനം നടത്തി വരികയും ചെയ്യുന്നു.

(സി) സംസ്ഥാനത്തെ യു.പി. സ്കൂളുകളിൽ ഓഫീസ് അറ്റൻഡന്റ് തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ എത്രയാണ്; വിരമിക്കൽ, സ്ഥാനക്കയറ്റം തുടങ്ങിയ കാരണങ്ങളാൽ ഉണ്ടാകുന്ന ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

<u>മറുപടി:</u> വിവരം ശേഖരിച്ചു വരുന്നു.

(ഡി) ഓഫീസ് അറ്റൻഡന്റ് തസ്തികകൾ ഇല്ലാത്തതോ ആവശ്യത്തിന് തസ്തികകൾ അനുവദിച്ചിട്ടില്ലാത്തതോ ആയ സ്കൂളുകളിൽ നിലവിലുള്ള ജോലിഭാരം പരിഗണിച്ച് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>മറുപടി:</u> പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ